"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം പിറവം എം.കെ.എം. എച്ച്.എസ് ൽ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി മഞ്ജു കുരുവിള സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തീർപ്പാക്കിയും ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C)No.45955/2024 ന്മേലുള്ള വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5854/2025/GEDN തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-
1) ശ്രീമതി മഞ്ജു കുരുവിള 30.11.2024 ൽ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി
2) WP(C)45955/2024 നമ്പർ കേസിലെ 20.12.2024 ലെ വിധിന്യായം
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.08.2025 ലെ ഇസി2/885/2025/ ഡി.ജി.ഇ നമ്പർ കത്ത്.
4) മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05.08.2025 ലെ ഡി.ഇ.ഒ. എം.വി.പി/232/2025-ബി3 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം പിറവം എം.കെ.എം. എച്ച്.എസ് ൽ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി മഞ്ജു കുരുവിള തന്റെ 04.06.2007 മുതൽ 15.06.2011 മുതലുള്ള നിയമനം അംഗീകരിക്കണമെന്നും, തസ്തിക ഇല്ലാതെ പുറത്തുനിന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നും, 29.01.2016 ലെ G.O(P)29/2016/G.Edn ഉത്തരവ് പ്രകാരം ടിയാളെ മറ്റ് സ്കൂളുകളിൽ പുനർവിന്യസിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.45955/2024 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി, പരാമർശം (1) റിവിഷൻ ഹർജിയിൽ നാലുമാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.

2. റിവിഷൻ ഹർജിയിലെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

പിറവം എം.കെ.എം. എച്ച്.എസ് ൽ 04.06.2007 മുതൽ പ്രതീക്ഷിച്ച അധിക ഒഴിവിൽ യു.പി.എസ്.ടി ആയി നിയമിച്ച താൻ വിദ്യാർത്ഥികളുടെ എണ്ണക്കുറവ് മൂലം 15.07.2010 മുതൽ പുറത്താക്കപ്പെട്ടു. ഉടൻ തന്നെ സ്കൂൾ മാനേജർ ഒരു ലീവ് ഒഴിവിൽ തന്നെ നിയമിച്ചെങ്കിലും 15.06.2011 ന് വീണ്ടും പുറത്താക്കപ്പെട്ടു. അധിക ഒഴിവുകളിലെ നിയമനങ്ങൾക്ക് നിരോധനം ഉള്ളതും തസ്തിക നിലവിലില്ലാത്തതും ചൂണ്ടിക്കാട്ടി വിദ്യാഭ്യാസ അധികാരികൾ ടി നിയമനങ്ങൾ അംഗീകരിച്ചില്ല. തുടർന്ന് W.P(C)No.9373/2013 ലെ ഹൈക്കോടതി വിധി അനുസരിച്ച്, ഡിവിഷൻ ബെഞ്ചിന്റെ WA.No.2290/2015 ന്റെ വിധിയെ പിന്തുടർന്ന്, നിയമനങ്ങൾ അംഗീകരിക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും ഡി.ഡി.ഇ യും ഡി.ഇ.ഒ യും നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ വേതനവും സർവീസ് ആനുകൂല്യങ്ങളും ലഭിച്ചില്ല. ആയതിനാൽ, 04.06.2007 മുതൽ 15.06.2011

മുതലുള്ള യു.പി.എസ്.ടി നിയമനം അംഗീകരിക്കുകയും പുറത്താക്കപ്പെട്ട 16.06.2011 മുതൽ 28.01.2016 വരെയുള്ള കാലഘട്ടം ശൂന്യവേതനാവധി ആയി ക്രമീകരിക്കുകയും 29.01.2016 ലെ G.O(P) 29/2016/G.Edn ഉത്തരവ് പ്രകാരം മറ്റ് സ്കൂളുകളിൽ പുനർവിന്യസിക്കുകയും ചെയ്യണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, എറണാകുളം പിറവം എം.കെ.എം.എച്ച്.എസ്.എസ് ൽ 2007-08 വർഷത്തെ പ്രതീക്ഷിത അധിക യു.പി.എസ്.ടി തസ്തികയിൽ 04.06.2007 മുതൽ ശ്രീമതി.മഞ്ജു കുരുവിളയെ നിയമിച്ചു. നിയമന കാലയളവിൽ തസ്തിക അനുവദിക്കുന്നതിനും നിയമനം നടത്തുന്നതിനും 17.08.2005 ലെ G.O(P) നമ്പർ 317/2005/GEDN പ്രകാരം അനുമതി നൽകിയിരുന്നില്ല. ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു. എന്നാൽ പരാതിക്കാരി ഈ തസ്തികയിൽ തന്നെ തുടർന്ന് പോന്നു. 12.01.2010 ലെ സ.ഉ.(പി) നം.10/10/പൊ.വി.വ പ്രകാരം 2006-07 മുതലുള്ള തസ്തികകൾ പുനർ നിർണ്ണയം നടത്തി. 2006-07 വർഷത്തിൽ 3 യു.പി.എസ്.ടി തസ്തികകൾ അനുവദിച്ചെങ്കിലും 2007-08, 2008-09 വർഷത്തിൽ ഓരോ തസ്തികയും 2009-10 വർഷത്തിൽ യു.പി.എസ്.ടി തസ്തികയും നഷ്ടപ്പെട്ടതിനെ തുടർന്ന് ശ്രീമതി.മഞ്ജു കുരുവിളക്ക് നിലനിൽക്കാൻ തസ്തിക ഇല്ലാതായി. പിന്നീട് ശ്രീമതി സിബി മാത്യുവിന് അവധി ഒഴിവിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് 15.07.2010 മുതൽ 15.06.2011 വരെ ശ്രീമതി മഞ്ജു കുരുവിളയ്ക്ക് പുനർനിയമനം നൽകി. 12.01.2010 ലെ സ.ഉ.(പി) നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിട്ടില്ല എന്നതിനാൽ ടി നിയമനം അംഗീകരിച്ചിട്ടില്ല. ടിയാളെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താത്തതിനെതിരെ ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 18420/12 മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി മഞ്ജു കുരുവിളയെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ച് 25.10.2012 ലെ G.O(Rt) No.5100/12/GEdn പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടിയാളെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നല്കിയതിനെ തുടർന്ന് മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പ്രൊപ്പോസൽ സമർ പ്പിച്ചിരുന്നു. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ടിയാൾക്ക് മാതൃസ്കൂളിൽ പുനർ നിയമനത്തിനുള്ള സാഹചര്യം ഇല്ലെന്നും, ടിയാൾ തസ്തിക ഇല്ലാതെ നിന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നും, 29.01.2016 ലെ G.O(P) 29/2016/G.Edn പ്രകാരം ടിയാളെ മറ്റ് സ്കൂളുകളിൽ പുനർവിന്യസിക്കണമെന്നും ആവശ്യപ്പെട്ടാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. 01.10.2011 ലെ G.O(P) No.199/11/GEDN പ്രകാരം 31.03.2011 ൽ റഗുലർ ഒഴിവിൽ നിയമനാംഗീകാരം ഇല്ലാതെ നിലനിൽക്കുന്നതും 01.06.2011 ൽ തുടരുന്നതുമായ അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീമതി സിബി മാത്യുവിന്റെ നിയമനം അംഗീകരിച്ചതിനാൽ 15.07.2010 മുതൽ ശ്രീമതി മഞ്ജു കുരുവിള റഗുലർ ഒഴിവിലാണ് നിയമനാംഗീകാരം ഇല്ലാതെ തുടർന്നിരുന്നത്. ആയതിനാൽ ശ്രീമതി മഞ്ജു കുരുവിളയ്ക്ക് ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടാൻ അർഹതയുണ്ട്. എന്നാൽ ടിയാൾ 04.06.2014 ൽ സേവനത്തിൽ നിന്നും രാജിവച്ചതായി പ്രധാനാധ്യാപിക ജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ട്. നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ രാജി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സാധൂകരിച്ചിട്ടില്ല.

4. സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി മഞ്ജു കുരുവിളയെ നിയമിച്ച 04.06.2007 മുതലുള്ള ആദ്യ യു.പി.എസ്.ടി നിയമനവും 15.07.2010 മുതലുള്ള പുനർനിയമനവും ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലും എച്ച്.എസ്.ടി ആയിരുന്ന

ശ്രീമതി. നിത തമ്പി ശൂന്യവേതനാവധി എടുത്തതിനെ തുടർന്നുണ്ടായ പരിണിത ഒഴിവിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതിനാലും, 12.01.2010 ലെ സ.ഉ(പി) നം.10/2010/പൊവിവ ഉത്തരവ് പ്രകാരം മാനേജർ ബോണ്ട് സമർപ്പിക്കാത്ത സാഹചര്യത്തിലും ടിയാളുടെ നിയമനം അംഗീകരിയ്ക്കാൻ കഴിയുന്നതല്ല. കൂടാതെ 04.06.2014 ൽ ടിയാൾ സേവനത്തിൽ നിന്നും രാജിവച്ചതായി പ്രധാനാധ്യാപിക അറിയിച്ചിട്ടുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പിറവം എം.കെ.എം. എച്ച്.എസ് ൽ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി മഞ്ജു കുരുവിള സർക്കാരിൽ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മൂവാറ്റുപുഴ
മാനേജർ, എം.കെ.എം.എച്ച്.എസ്, പിറവം, എറണാകുളം-686 664.
ശ്രീമതി മഞ്ജു കുരുവിള, കൊല്ലേത്ത്, മുളകുളം സൗത്ത്, പെരുവ.പി.ഒ, കോട്ടയം-686 610.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 27-08-2025 12:38:06
സെക്ഷൻ ഓഫീസർ